## 15 -ാം കേരള നിയമസഭ

## 9 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1985** **12-09-2023 - ൽ മറുപടിയ്ക്ക്**

## കോട്ടയം ജില്ലയിലെ ബോണ്ട് (ബസ് ഓൺ ഡിമാൻഡ്) സർവ്വീസുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കോട്ടയം ജില്ലയിൽ സർക്കാർ ജീവനക്കാർക്ക് വേണ്ടി കെ.എസ്.ആർ.ടി.സി. എത്ര ബസ് ഓൺ ഡിമാൻഡ് ( ബോണ്ട്) സർവ്വീസുകളാണ് നടത്തുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | കോവിഡ് മഹാമാരി മൂലം യാത്രാ നിയന്ത്രണങ്ങൾ ഉണ്ടായിരുന്ന സാഹചര്യത്തിൽ സർക്കാർ ജീവനക്കാർക്കും അവശ്യ സർവ്വീസുകൾക്കായി പ്രവർത്തിക്കുന്ന ജീവനക്കാർക്കും, മറ്റ് സ്ഥിരയാത്രക്കാരെയും പൊതുഗതാഗത സംവിധാനത്തിലേയ്ക്ക് കൊണ്ടുവരുന്നതിനായി ബസ് ഓൺ ഡിമാൻഡ് (ബോണ്ട്) എന്ന പേരിൽ പ്രത്യേക സർവ്വീസുകൾ പരിമിതമായ യാത്രക്കാർക്ക് വേണ്ടി പ്രത്യേക നിരക്കിൽ നടത്തിയിരുന്നു.<br><br>കോട്ടയം ജില്ലയിലെ വൈക്കം യൂണിറ്റിൽ നിന്നും വൈക്കം - കാക്കനാട് റൂട്ടിൽ യാത്രക്കാരുടെ ആവശ്യപ്രകാരം ഒരു ബോണ്ട് സർവ്വീസ് നടത്തി വന്നിരുന്നു. എന്നാൽ പിന്നീട് 2022ൽ പൊതുഗതാഗത സംവിധാനം സാധാരണ നിലയിലേയ്ക്ക് എത്തിയതിനെ തുടർന്ന് ഇത്തരം സർവ്വീസുകൾ / ട്രിപ്പുകൾ പുനക്രമീകരിക്കുകയും പ്രത്യേക നിരക്കിലുള്ള സർവ്വീസുകൾ നിർത്തലാക്കി പകരം യാത്രക്കാർക്കായി സാധാരണ നിരക്കിൽ സർവ്വീസുകൾ പുനഃക്രമീകരിച്ചിട്ടുള്ളതുമാണ്. നിലവിൽ പ്രത്യേക നിരക്കിലുള്ള ബോണ്ട് സർവ്വീസുകൾ ആവശ്യപ്പെട്ടുകൊണ്ട് നിവേദനം കോട്ടയം ജില്ലയിൽ ലഭിച്ചിട്ടില്ല. ഇപ്പോൾ ബോണ്ട് സർവ്വീസുകൾ ഒന്നും തന്നെ പ്രവർത്തിക്കുന്നില്ല. |
| (ബി) | ബസ് ഓൺ ഡിമാൻഡ് (ബോണ്ട് )സർവീസ് ആവശ്യപ്പെട്ട് ലഭിച്ചിട്ടുള്ള അപേക്ഷകളുടെ എണ്ണവും ഏതെല്ലാം അപേക്ഷകളിൽ ബസ് അനുവദിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നുള്ള വിവരവും വ്യക്തമാക്കുമോ ? | (ബി) | കോവിഡ് മഹാമാരി മൂലം യാത്രാ നിയന്ത്രണങ്ങൾ ഉണ്ടായിരുന്ന സാഹചര്യത്തിൽ സർക്കാർ ജീവനക്കാർക്കും അവശ്യ സർവ്വീസുകൾക്കായി പ്രവർത്തിക്കുന്ന ജീവനക്കാർക്കും, മറ്റ് സ്ഥിരയാത്രക്കാരെയും പൊതുഗതാഗത സംവിധാനത്തിലേയ്ക്ക് കൊണ്ടുവരുന്നതിനായി ബസ് ഓൺ ഡിമാൻഡ് (ബോണ്ട്) എന്ന പേരിൽ പ്രത്യേക സർവ്വീസുകൾ പരിമിതമായ യാത്രക്കാർക്ക് വേണ്ടി പ്രത്യേക നിരക്കിൽ നടത്തിയിരുന്നു. |

| | | | |
|---|---|---|---|
| | | | കോട്ടയം ജില്ലയിലെ വൈക്കം യൂണിറ്റിൽ നിന്നും വൈക്കം - കാക്കനാട് റൂട്ടിൽ യാത്രക്കാരുടെ ആവശ്യപ്രകാരം ഒരു ബോണ്ട് സർവ്വീസ് നടത്തി വന്നിരുന്നു. എന്നാൽ പിന്നീട് 2022ൽ പൊതുഗതാഗത സംവിധാനം സാധാരണ നിലയിലേയ്ക്ക് എത്തിയതിനെ തുടർന്ന് ഇത്തരം സർവ്വീസുകൾ / ട്രിപ്പുകൾ പുനക്രമീകരിക്കുകയും പ്രത്യേക നിരക്കിലുള്ള സർവ്വീസുകൾ നിർത്തലാക്കി പകരം യാത്രക്കാർക്കായി സാധാരണ നിരക്കിൽ സർവ്വീസുകൾ പുനഃക്രമീകരിച്ചിട്ടുള്ളതുമാണ്. നിലവിൽ പ്രത്യേക നിരക്കിലുള്ള ബോണ്ട് സർവ്വീസുകൾ ആവശ്യപ്പെട്ടുകൊണ്ട് നിവേദനം കോട്ടയം ജില്ലയിൽ ലഭിച്ചിട്ടില്ല. ഇപ്പോൾ ബോണ്ട് സർവ്വീസുകൾ ഒന്നും തന്നെ പ്രവർത്തിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ